# കെ.എൽ.ഡി.ബോർഡ്, ബുൾ സ്റ്റേഷൻ, ധോണി ഫാം, പാലക്കാട്

**(ഒരു കേരള സർക്കാർ പൊതു മേഖല സ്ഥാപനം) ഫോൺ : 0491 - 2556127**

**നമ്പർ. C1/748/2021**

തിയ്യതി : 20-10-2023

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കേരള കന്നുകാലി വികസനബോർഡിന്റെ കീഴിലുള്ള ധോണി ഫാമിലെ ഏകദേശം **100** പ്ലാവുകളിൽ നിന്നും **2023-24** ആണ്ടിലെ വിളവെടുക്കുന്നതിനുള്ള അവകാശത്തിനായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

## <u>നിബന്ധനകൾ</u>

1. ക്വട്ടേഷനിൽ 100 പ്ലാവുകളിൽ നിന്നും ഒരു സീസണിലേക്ക് വിളവ് എടുക്കുന്നതിനുള്ള നിരക്കായിരിക്കണം രേഖപ്പെടുത്തേണ്ടത്.
2. പൂരിപ്പിച്ച ക്വട്ടേഷനുകൾ 17-11-2023 ഉച്ചയ്ക്ക് 1.00 മണിക്കു മുമ്പായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നുതന്നെ ഉച്ചയ്ക്ക് 2.30 മണിക്ക് അപ്പോൾ സന്നിഹിതരായിട്ടുള്ള വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെ പേരിൽ ബോർഡിന്റെ മാനേജിങ്ങ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി തൃപ്തികരമെന്ന് കണ്ടാൽ ഉറപ്പിച്ച് നൽകുന്നതായിരിക്കും.
3. ക്വട്ടേഷനോടൊപ്പം 500 രൂപ (അഞ്ഞൂറു രൂപ) നിരതദ്രവ്യമായി ഈ ഓഫീസിൽ അടച്ചതിന്റെ രശീത് ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ആയത് ക്വട്ടേഷൻ ദിവസം 17-11-2023 ഉച്ചയ്ക്ക് 12.30 മണിവരെ ഈ ഓഫീസിൽ അടയ്ക്കാവുന്നതാണ്. നിരതദ്രവ്യം അടയ്ക്കാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
4. പ്ലാവുകളിൽ നിന്നും വിളവ് എടുക്കുന്നതിന് പ്ലാവുകളുടെ ചുവട് കോൺട്രാക്ടർ വൃത്തിയാക്കേണ്ടതാണ്.
5. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ വ്യക്തി ക്വട്ടേഷൻ തുകയുടെ മൂന്നിലൊന്ന് തുക (1/3) ഉടൻ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക പത്തു ദിവസത്തിനകം ഓഫീസിൽ അടയ്ക്കേണ്ടതുമാണ്.
6. ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടിയ വ്യക്തി 200 രൂപയുടെ മുദ്രപത്രത്തിൽ ഒരു കരാർ ഒപ്പിട്ടുതരേണ്ടതാണ്. അതിനുശേഷം മാത്രമേ ചക്ക പറിക്കാൻ അനുവദിക്കുകയുള്ളൂ. വീഴ്ച വരുത്തിയാൽ തുക ഉറപ്പിച്ചു തന്ന ഉത്തരവ് റദ്ദാക്കുന്നതും, ആയതിന് ബോർഡിനുണ്ടാകുന്ന നഷ്ടം കരാറുകാരൻ മുൻകൂർ അടച്ചിട്ടുള്ള മൂന്നിലൊന്നുതുക നിരതദ്രവ്യം, ഇവയിൽ നിന്നും ഈടാക്കുന്നതാണ്.
7. പ്രകൃതിക്ഷോഭങ്ങളാലോ, മറ്റു കാരണങ്ങളാലോ പ്ലാവുകളിൽ നിന്നുള്ള വിളവ് മോശമാവുകയോ, കുറയുകയോ ചെയ്താൽ ആയതിന് ബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല.
8. പ്ലാവുകൾക്കുള്ള കാവൽ കരാറുകാരൻ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്. ഇങ്ങനെ കാവലിന് ഏർപ്പെടുത്തുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കരാറുകാരൻ രേഖാമൂലം മാനേജർക്ക് നൽകി സമ്മതം വാങ്ങേണ്ടതാണ്. കരാറുകാരനോ, ടിയാന്റെ പ്രതിനിധിയോ ഫാമിലേക്ക് പ്രവേശിക്കുമ്പോൾ ഫാമിന്റെ ഗേയിറ്റിലുള്ള സെക്യൂരിറ്റി ഗാർഡിന്റെ പക്കൽ പേര് നൽകേണ്ടതാണ്.
9. കരാറുകാരനോ, കാവൽക്കാരനോ ചക്ക പറിച്ചെടുക്കാൻ വരുന്നവരോ, പ്ലാവുകളുടേയോ, മറ്റു വൃക്ഷങ്ങളുടേയോ, തടിക്കോ, ശിഖരങ്ങൾക്കോ കേടുപാടു വരുത്താൻ പാടുള്ളതല്ല. അങ്ങനെ സംഭവിച്ചാൽ ആയതിന്റെ നഷ്ടം നൽകുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ഫലങ്ങൾ പറിക്കാതെ നിലത്ത് വീണ് ഫാമിൽ ശല്യമുണ്ടാക്കാൻ പാടുള്ളതല്ല. ഓരോ

പ്രാവശ്യവും ഫലങ്ങൾ പറിച്ചു കഴിഞ്ഞാൽ, നിലത്തു വീഴുന്ന ശിഖരങ്ങൾ മാറ്റി സ്ഥലം വൃത്തിയാക്കിത്തരേണ്ടതാണ്.

10. യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം മാനേജർ (എ. എച്ച്.) ൽ നിക്ഷിപ്തമായിരിക്കും.

11. സർക്കാർ ക്വട്ടേഷനുകളെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

12. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ അഗ്രി. സെക്ഷനുമായി ബന്ധപ്പെട്ട് അന്വേഷിച്ചറിയാവുന്നതാണ്. വേണ്ട നിർദ്ദേശങ്ങൾ സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്.

13. കവറിനുമുകളിൽ 'പ്ലാവിൽ നിന്നും മേലാദായം എടുക്കുന്നതിനായുള്ള ക്വട്ടേഷൻ' എന്നെഴുതിയിരിക്കണം.

*കാട്ടാനകളുടെ ശല്യം നിമിത്തം ഈ വർഷം മുതൽ ഇടിച്ചക്കപ്പരുവത്തിൽ വിഷുവിന് തൊട്ടുമുമ്പായി (ഏപ്രിൽ 14) എല്ലാ പ്ലാവുകളിലെയും ചക്ക പറിച്ചുമാറ്റേണ്ടതാണ്. ആയതിനുള്ള തുകയായിരിക്കണം ക്വട്ടേഷനിൽ കാണിച്ചിരിക്കേണ്ടത്.*

ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തിയ്യതി **17-11-2023** ഉച്ചയ്ക്ക് **1.00** മണി

മാനേജർ (എ. എച്ച്.)
ധോണിഫാം

---

മേൽ വ്യവസ്ഥയും നിബന്ധനയും അംഗീകരിക്കുകയും അതിൻ പ്രകാരം പാട്ടക്കരാറിൽ ഏർപ്പെടാമെന്ന് സമ്മതിക്കുകയും ആയതിന് താഴെ കൊടുത്തിരിക്കുന്ന നിരക്കിന് ഞാൻ തയ്യാറാണെന്നും സമ്മതിക്കുന്നു.

തുക അക്കത്തിൽ :

തുക അക്ഷരത്തിൽ :

നിരതദ്രവ്യം 500 രൂപ രസീത് നമ്പർ:.................................................... തിയ്യതി:.................................................. പ്രകാരം ഓഫീസിൽ അടച്ച് രസീത് ഇതോടൊപ്പം വെയ്ക്കുന്നു.

ഒപ്പ് :

പേര് :

മേൽവിലാസം :

തിയ്യതി :